**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 878** **31-01-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ ചിറ്റാരി - കണ്ടി വാതുക്കൽ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിലെ വാണിമേൽ - ചെക്യാട് ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനിയിലേക്കുള്ള ചിറ്റാരി - കണ്ടി വാതുക്കൽ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ കോളനി നിവാസികൾ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് പുനസ്ഥാപിക്കാനുള്ള ഫണ്ട് എന്ന് ലഭ്യമാക്കുമെന്ന് അറിയിക്കുമോ? | (ബി) | നബാർഡ് RIDF 20 സ്കീമിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ടി പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നത്. കനത്ത മഴ, പ്രളയം, വില വർദ്ധന, കൂലി വർദ്ധന, എന്നീ കാരണങ്ങളാലും, കരാറുകാരൻ നിർമ്മാണം ഉപേക്ഷിച്ചതിനാലും പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാവുകയും, RIDF 20 സ്കീമിന്റെ കാലാവധി 31/03/2022 അവസാനിച്ച സാഹചര്യത്തിലും ടി നിർമ്മാണം നബാർഡ് പദ്ധതി പ്രകാരം തുടരുവാൻ സാധിച്ചില്ല. ടി പ്രവൃത്തി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്ന വിഷയം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ